(ബി) 2013 ഡിസംബറിനുശേഷം എത്ര രൂപയുടെ ബില്ലിന്റെ കുടിശ്ശികയാണ് തീർപ്പാക്കാനുള്ളത് ; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(സി) ഏറ്റവും കൂടിതൽ കുടിശ്ശിക നൽകാനുള്ള പത്ത് കരാറുകാരുടെ പേരും അവർക്ക് നല്കാനുള്ള തുകയും വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ സ്തംഭനാവസ്ഥ ഇല്ല.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കരാറുകാർക്ക് 1-4-2014 മുതൽ 28-2-2015 വരെ ബിൽ ഡിസ്കൗണ്ടിംഗിന് ശേഷം 1016.03 കോടി രൂപ കുടിശ്ശികയുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിൽ 2013 ഡിസംബറിനുശേഷം 42.48 കോടി രൂപയുടെ കുടിശ്ശികയും, കെട്ടിട വിഭാഗത്തിൽ ബിൽ ഡിസ്കൗണ്ടിംഗിന് ശേഷം 431.24 കോടി രൂപയുമാണ് കുടിശ്ശികയുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന്റെയും, ദേശീയപാതാ വിഭാഗത്തിന്റെയും ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു.* കെട്ടിട വിഭാഗത്തിന്റെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

പടിയൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം

240 (3991) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പടിയൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് എത്ര തുക അനുവദിക്കുകയുണ്ടായി ;

(ബി) പടിയൂർ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) കെട്ടിട നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്ലൂസ് കെട്ടിടത്തിന്റെ സ്ലക്ച്ചർ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു.

(സി) കെട്ടിട നിർമ്മാണം 2015 നവംബറിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നബാർഡ് സഹായത്തോടെയുള്ള റോഡ് നവീകരണം

241 (3992) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മാർച്ച് 31-ന് നബാർഡ് സഹായത്തോടെ തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം റോഡുകൾ നവീകരിക്കുവാൻ ശുപാർശ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; ഇതിന്മേലുള്ള നടപടിക്രമങ്ങൾ എത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) കിളിമാന്നൂർ പോങ്ങനാട് കല്ലമ്പലം റോഡ് നവീകരണം പ്രസ്തുത ശുപാർശയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇതിനായി എന്ത് തുകയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) പൊതുമരാമത്ത് വകുപ്പിനുള്ള ഈ വർഷത്തെ നബാർഡ് അലോക്കേഷൻ ആയിട്ടില്ല.

നബാർഡ് സഹായത്തോടെയുള്ള പ്രവൃത്തികൾ

242 (3993) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15 സാമ്പത്തിക വർഷത്തിൽ നബാർഡ് സഹായത്തോടെയുള്ള ഏതെല്ലാം പ്രവൃത്തികൾക്കാണ് ആലപ്പുഴ ജില്ലയിൽ ഭരണാനുമതി നൽകിയിട്ടുള്ളത് ; പ്രവൃത്തിയുടെ പേര്, നിയോജകമണ്ഡലം, അടങ്കൽ തുക എന്നിവ സഹിതം വിശദാംശം നൽകാമോ ?

ഉത്തരം

2014-15 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ RIDF-XX സ്കീമിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി

LIBRARY ARCHIVES Kerala Legislative Assembly